# ജനകീയാരോഗ്യ രേഖ പ്രകാശിപ്പിച്ചു

തൃക്കാക്കര സഹകരണ ആശുപത്രിയുടെ ആഭിമുഖ്യത്തിൽ ജനകീയാരോഗ്യ അവകാശപ്രഖ്യാപനരേഖയുടെ പ്രകാശനം നടന്നു. 2000 ഡിസംബർ 4-8വരെ ബംഗ്ലാദേശിലെ ധാക്കയിൽ ചേർന്ന ലോകസമ്മേളനം ആഗോള അവകാശപ്രഖ്യാപനരേഖ അംഗീകരിച്ചു. 2000 നവംബർ 30, ഡിസംബർ ഒന്ന് തീയതികളിൽ കൊൽക്കത്തയിൽവെച്ച് ഇന്ത്യയുടെ ദേശീയ അസംബ്ലി ചേർന്നിരുന്നു. ഇന്ത്യയിലെ നൂറിലധികം സംഘടനകൾ അതിൽ പങ്കെടുത്തു. ആ യോഗം അംഗീകരിച്ചതാണ് ദേശീയ രേഖ. ഇവ പ്രസിദ്ധീകരിക്കേണ്ടതും വ്യാപകമായി ചർച്ച ചെയ്യപ്പെടേണ്ടതുമാണ്. നമ്മുടെ സമ്പത്തും സംസ്കാരവും അതോടൊപ്പംതന്നെ ആരോഗ്യവും നഷ്ടപ്പെടുത്തും. ആഗോളവല്ക്കരണത്തെ ചെറുക്കാൻ നാം നടത്തുന്ന ഒട്ടേറെ സമരങ്ങളിൽ വളരെ പ്രധാനപ്പെട്ട ഒന്നാണ് ആരോഗ്യരംഗത്തെ പ്രവർത്തനങ്ങൾ.

"രേഖ പ്രകാശിപ്പിക്കുന്നതോടെ ഒരക്കാദമിക് പണ്ഡിതന്റെ ചുമതല തീരും. പക്ഷേ ഒരു ജനകീയപ്രവർത്തകന്റെ നില അതല്ല. ഈ രേഖയുടെ ചർച്ചയും പ്രചരണവും തുല്യപ്രധാനമാണ്. പ്രാന്തവല്ക്കരിക്കപ്പെട്ട ജനസമൂഹങ്ങളുടെ ആരോഗ്യം എന്തെന്ന് നിർവചിക്കയും നിറവേറ്റുകയും അവരുടെ ആരോഗ്യം പരിപാലിക്കാനുള്ള അവകാശം മറ്റുള്ളവർക്ക് തീറെഴുതി കൊടുക്കാതിരിക്കുകയും ചെയ്യേണ്ടത് അത്യാവശ്യമാണ്. ശാരീരികവും സാമ്പത്തികവും സാമൂഹ്യവുമായ ആരോഗ്യം പ്രധാനമാണ്. കടത്തിണ്ണയോ റോഡരികോ വീടായിട്ടുള്ളവരുടെ ആരോഗ്യം ആശുപത്രികൾവഴി സംരക്ഷിക്കാൻ പറ്റുമോ? പാർപ്പിടത്തിന്റെ ലഭ്യത/നല്ലജീവിതസാഹചര്യം/രീതി/പരിസരശുചിത്വം/വിദ്യാഭ്യാസം---- ഇവയെല്ലാംകൂടിയാണ് ആരോഗ്യം സൃഷ്ടിക്കുന്നത്.

ആരോഗ്യകാര്യങ്ങൾ സർക്കാരിന്റെ ചുമതലയല്ല. കൂടുതൽകൂടുതൽ സ്വകാര്യവല്ക്കരിക്കേണ്ടതാണ് എന്ന ചിന്ത ഇന്ന് പരന്നിരിക്കയാണ്. ഔഷധനിർമ്മാണമേഖലയുടെ സ്വകാര്യവല്ക്കരണം ഇതിനേക്കാളും ഗുരുതരമായ പ്രശ്നങ്ങൾ ഉണ്ടാക്കുന്നു. കുറഞ്ഞവിലയ്ക്ക് ലഭ്യമായ ധാരാളം മരുന്നുകൾ ഇന്ന് ലഭ്യമല്ല. ഒരുകോഴ്സ് മരുന്ന് പൂർണ്ണമായും കഴിക്കാൻ കഴിവില്ലാത്തവരുടെ എണ്ണവും അതുമൂലമുണ്ടാകുന്ന (അപൂർണ്ണചികിത്സ) പുതിയപുതിയ അസുഖങ്ങളും കൂടിവരുന്നു. കേരളം ഇതുവരെ പിൻതുടർന്ന ആരോഗ്യവികസനനയെ ഒരു മരീചികയാണ് എന്ന് തെളിയിക്കപ്പെട്ടുകൊണ്ടിരിക്കയാണ്.

ഇനി എന്തുചെയ്യണം എന്ന ചോദ്യത്തിനുള്ള ഉത്തരത്തിൽ ജനകീയാരോഗ്യ അവകാശപ്രഖ്യാപനരേഖയ്ക്ക് വലിയ സ്ഥാനമുണ്ട്.

പ്രാഥമികാരോഗ്യമേഖല പ്രാദേശികഭരണകൂടത്തിന് കൈമാറണം. അതിനെന്തെല്ലാം പരാധീനതകൾ ഉണ്ട്? സർക്കാരിൽനിന്ന് സാമ്പത്തിക പിൻതുണ കിട്ടുമോ തുടങ്ങി ഓരോ കാര്യവും ജനകീയചർച്ചകളിലൂടെ രൂപീകരിക്കണം." ഇത്രയുമാണ് രേഖ പ്രകാശിപ്പിച്ച പി.കെ. രവീന്ദ്രന്റെ അഭിപ്രായങ്ങളുടെ ചുരുക്കം.


**ജനകീയാരോഗ്യ അവകാശപ്രഖ്യാപന രേഖ**

ആവശ്യക്കാർ 5 രൂപ സംഭാവന അയയ്ക്കുക:

എർത്ത് സൊസൈറ്റി, കൊച്ചി-21